സംവിധാനവും നടപ്പിൽ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 21.12.1999-ലെ സർക്കാർ ഉത്തരവിൽ ഖണ്ഡിക 15(7)-ൽ ആഴ്ചയിൽ ആറു ദിവസം അദ്ധ്യയന ദിവസം ഉണ്ടായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ചില അദ്ധ്യാപകർ ശനിയാഴ്ച പ്രവൃത്തിയിൽനിന്ന് വിട്ടുനിൽക്കുകയുണ്ടായി. അങ്ങനെയുള്ള അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞുവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അവരുടെ ശമ്പളം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സംശയമില്ല. ഇക്കാര്യത്തിൽ യു.ജി.സി.യുടെ നിബന്ധന നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ ഉത്തരവു സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. പഴയ രീതിയിൽ ജോലി ചെയ്യുന്നത് തുടരുകയാണെങ്കിൽ കേന്ദ്ര ഗവൺമെന്റ് സഹായം നൽകുകയില്ലെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. കേന്ദ്ര മാനവശേഷി വകുപ്പുമന്ത്രിയുമായി ഇക്കാര്യങ്ങളെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. അവരുടെ സ്കീം അംഗീകരിച്ചാൽ മാത്രമേ സഹായം നൽകുകയുള്ളൂ. ഇതനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിലെല്ലാം ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ യു.ജി.സി.യുടെ നിബന്ധനകൾ അനുസരിച്ചുതന്നെയാണ് മറ്റു സംസ്ഥാനങ്ങളിലും ഉത്തരവ് ഇറക്കിയിട്ടുള്ളത്. കർണ്ണാടക സംസ്ഥാനത്തിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കിക്കിട്ടുക എന്നുള്ളത് ഏറ്റവും വലിയ ആവശ്യമാണ്. അദ്ധ്യാപകർക്ക് ഒരു ദുഷ്യവും വരുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. യു.ജി.സി. നോംസിനകത്തുനിന്നുകൊണ്ട് അദ്ധ്യാപകർക്ക് ചെയ്യാവുന്ന എല്ലാ സഹായവും ഗവൺമെന്റ് ചെയ്യുന്നതാണ്.

(14) പ്രീമിയർ ടയേഴ്സിലെ ലോക്കൗട്ട്

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : സർ, കളമശ്ശേരിയിലുള്ള പ്രീമിയർ ടയേഴ്സ് കമ്പനി കഴിഞ്ഞ 62 ദിവസമായി ലോക്കൗട്ട് ചെയ്തിരിക്കുകയാണ്.1300-ഓളം തൊഴിലാളികൾ ഈ സ്ഥാപനത്തിൽ പണിയെടുക്കുന്നുണ്ട്. തൊഴിലാളികൾ പുതിയ ഡിമാന്റൊന്നും ഉന്നയിച്ചിട്ടില്ല. ഒരു ഡിമാന്റും ഉന്നയിക്കാതെ മാനേജുമെന്റ് ധിക്കാരപരമായ സമീപനമാണ് ലോക്കൗട്ടിൽക്കൂടി കൈക്കൊണ്ടിട്ടുള്ളത്. 1995-ൽ അത് പീഡിത വ്യവസായമായി പ്രഖ്യാപിച്ചാണ് അപ്പോളോ മാനേജുമെന്റ് ഈ സ്ഥാപനം ഏറ്റെടുത്തത്. അതിനു മുമ്പ് പ്രീമിയർ ടയേഴ്സ് കമ്പനി തന്നെ ലോക്കൗട്ട് ചെയ്യുക സ്ഥിരം തൊഴിലായിരുന്നു. അപ്പോളോ മാനേജുമെന്റ് ഏറ്റെടുത്തതിനുശേഷവും ഈ സംവിധാനം തുടരുകയാണ്. തൊഴിൽ നിയമങ്ങളെയെല്ലാം കാറ്റിൽ പറത്തിക്കൊണ്ടാണ് ഈ ലോക്കൗട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. ദീർഘകാല കരാറിൽ ഒപ്പിട്ടിട്ട് വർഷങ്ങളോളമായിട്ടും തൊഴിലാളികളുടെ പുതിയ ഡിമാന്റുകളൊന്നും ഉന്നയിക്കാതെ, അവരുടെ ആവശ്യങ്ങൾ ഡിമാന്റുചെയ്യാതെ തന്നെയാണ് ഈ ലോക്കൗട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. കഴിഞ്ഞ മാസം 19-ാം തീയതി റീജിയണൽ ലേബർ കമ്മിഷണർ ഒരു അനുരഞ്ജന സംഭാഷണത്തിന് വിളിച്ചിരുന്നു. ഈ സംഭാഷണത്തിൽ വച്ച് മാനേജുമെന്റ് പുതിയ തൊഴിൽ ന്യായങ്ങൾ ഉന്നയിച്ചുകൊണ്ട് ലോക്കൗട്ട് തുടരാനുള്ള സമീപനമാണ് എടുത്തിട്ടുള്ളത്. കുടിശ്ശിക ശമ്പളംപോലും കൊടുക്കാൻ തയ്യാറാകാതെ മാനേജുമെന്റ് ധിക്കാരപരമായ സമീപനമാണ് എടുത്തിട്ടുള്ളത്. ഇത്രയും തൊഴിലാളികളെ വഴിയാധാരമാക്കുന്ന ഈ സമീപനമെടുത്തിട്ടുള്ള മാനേജുമെന്റിന്റെ ധിക്കാരപരമായ നടപടി അവസാനിപ്പിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണം. മാനേജുമെന്റും തൊഴിലാളി പ്രതിനിധികളുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കാനുള്ള അടിയന്തിര ശ്രദ്ധ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് കൈക്കൊള്ളണം. അതിനുള്ള തീയതി നിശ്ചയിച്ച് തീരുമാനം കൈക്കൊള്ളണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, പ്രീമിയർ ടയർ കമ്പനി 25.12.99-ലാണ് ലോക്കൗട്ട് ചെയ്തത്. 25.12.99-ലെ കത്ത് മുഖേന കമ്പനി സർക്കാരിനെയും ലേബർകമ്മിഷണറെയും അറിയിക്കുകയുണ്ടായി. പ്രീമിയർ ടയേഴ്സ് പുനരുദ്ധാരണത്തിനായി അത്യാധുനിക സാങ്കേതിക മെഷീനറികളും ഉപകരണങ്ങളും കമ്പനിയിൽ സ്ഥാപിച്ചിരുന്നു. എന്നാൽ ആധുനിക സാങ്കേതിക വിദ്യയനുസരിച്ചുള്ള ഉൽപ്പാദന പ്രക്രിയയോട് തൊഴിലാളികൾ യോജിക്കുവാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് ലോക്കൗട്ട് അനിവാര്യമായതെന്നാണ് മാനേജുമെന്റ് അറിയിച്ചിരിക്കുന്നത്. ഈ പ്രശ്നത്തിൽ എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മിഷണർ ഇടപെടുകയും ഡിസംബർ ജനുവരി മാസങ്ങളിൽ മൂന്നു തവണ അനുരഞ്ജന ചർച്ചകൾ നടത്തുകയും ചെയ്തു. പ്രശ്നം പരിഹരിക്കപ്പെടാത്തതിനാൽ 15.2.2000-ൽ വീണ്ടും ലേബർ കമ്മീഷണർ അനുരഞ്ജന ചർച്ച നടത്തിയെങ്കിലും അന്തിമ തീരുമാനമുണ്ടായില്ല. ഇന്നലെയും മിനഞ്ഞാന്നുമായിട്ട് ആ ഫാക്ടറിയിലെ വിവിധ ട്രേഡ് യൂണിയൻ നേതാക്കളുമായി ഞാൻ ചർച്ച ചെയ്തു. മാനേജുമെന്റിനെ ഇന്ന് ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ട്. ഈ ചർച്ച കഴിഞ്ഞതിനുശേഷം അടിയന്തിരമായി ഒരു കോൺഫറൻസ് വിളിച്ചു കൂട്ടി പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

(15) ചിറ്റൂർ, പാലക്കാട് താലൂക്കുകളിലെ നെൽക്കൃഷി നേരിടുന്ന വർശ്ച

ശ്രീ. കെ. അച്ചുതൻ : സർ, ഈ സബ്മിഷന് മുഖ്യമന്ത്രി മറുപടി പറയുമെന്നാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. കാരണം, അന്തർ സംസ്ഥാന നദീജലത്തെക്കുറിച്ചുള്ള പ്രശ്നമാണ്. കേരളത്തിന്റെ നെല്ലറയാണ് ചിറ്റൂർ. തുലാവർഷം ചതിച്ചതുകാരണം ചിറ്റൂർ താലൂക്കിന്റെ ഭൂരിഭാഗം പ്രദേശങ്ങൾ ചിറ്റൂർ, തത്തമംഗലം, പട്ടഞ്ചേരി, പെരുമാടി, വടവന്നൂർ, നല്ലേപ്പള്ളി, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലമായ എലപ്പുള്ളി പഞ്ചായത്തിൽ തേനാരി, നോംപിക്കോട് തുടങ്ങിയ പ്രദേശങ്ങളിലെ നെൽക്കൃഷി വ്യാപകമായി ഉണങ്ങിക്കൊണ്ടിരിക്കുകയാണ്. നമുക്ക് കരാറനുസരിച്ച് 7.25 ടി എം.സി. വെള്ളമാണ് ഒരു വർഷം ലഭിക്കുന്നത്. ഈ ഫെബ്രുവരി 29-ന് മുമ്പു തന്നെ കരാറനുസരിച്ചുള്ള വെള്ളം ലഭിക്കും. അങ്ങനെ വന്നുകഴിഞ്ഞാൽ മാർച്ച് 31 വരെ വെള്ളം കിട്ടിയില്ലെങ്കിൽ സുമാർ 12,000 ഹെക്ടർ ഭൂമി, എന്നു പറഞ്ഞാൽ 30,000 ത്തോളം ഏക്കർ ഭൂമിയിലെ കൃഷി നശിക്കാനുള്ള സാധ്യതയുണ്ടെന്നാണ് കൃഷി ഡിപ്പാർട്ടുമെന്റിന്റെ കണക്ക്. അതുകൊണ്ട് ഇത്രയും ഗൗരവമായ പ്രശ്നം തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെട്ട് അടുത്ത വർഷത്തിൽ നമുക്ക് ലഭിക്കാനുള്ളത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അഡ്ജസ്റ്റ് ചെയ്ത് കൊടുക്കാം. അടുത്ത വർഷം ലഭിക്കേണ്ട ജലത്തിൽ നിന്ന് ഒന്നേകാൽ ടി.എം.സി. ജലമെങ്കിലും ലഭിച്ചാൽ മാത്രമേ ഇത്രയും സ്ഥലത്തെ കൃഷി രക്ഷപ്പെടുത്താൻ കഴിയുകയുള്ളൂവെന്ന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുകാർ പറയുന്നതെങ്കിലും ചുരുങ്ങിയത് ഒരു ടി.എം.സി. ജലമെങ്കിലും തമിഴ്നാട് ഗവൺമെന്റിൽ നിന്ന് അഡ്വാൻസ് വാങ്ങണം. അല്ലാതെ കൂടുതൽ വേണമെന്നുപറഞ്ഞാൽ പറ്റുകയില്ല. അടുത്ത വർഷം നമ്മൾ അഡ്ജസ്റ്റ് ചെയ്ത് തരാമെന്ന് പറഞ്ഞുകൊണ്ട് ഇപ്പോൾ വാങ്ങിച്ച് മാർച്ച് 31

LIBRARY ARCHIVES Kerala Legislative Assembly